# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

### ഇരുപത്തി ഒന്നാമത് റിപ്പോർട്ട്
(2025 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

## പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

**ഇരുപത്തി ഒന്നാമത് റിപ്പോർട്ട്**

**(2025 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**(ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. V |
| മുഖവുര | .. VII |
| റിപ്പോർട്ട് | .. 1-15 |
| അനുബന്ധം | .. 16 |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

### സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ

<u>അംഗങ്ങൾ</u> :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ

ശ്രീ. എൻ.കെ. അക്ബർ, എം.എൽ.എ

ശ്രീ. എം.എസ്.അരുൺകുമാർ, എം.എൽ.എ

ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ, എം.എൽ.എ

ശ്രീ. കെ.യു. ജനീഷ് കുമാർ, എം.എൽ.എ

ശ്രീ. എം.നൗഷാദ്, എം.എൽ.എ

ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ, എം.എൽ.എ

ശ്രീ. എം.വിജിൻ, എം.എൽ.എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി -ഇൻ- ചാർജ്ജ്

ശ്രീമതി റീന വി. ആർ, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ്,

തിരുവനന്തപുരം,<br>ചെയർപേഴ്സൺ,

24 ഫെബ്രുവരി 2026<br>മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.

## ആമുഖം

നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന രേഖകൾ ഭരണഘടനയ്ക്കും ചട്ടങ്ങൾക്കും അനുസൃതമായി നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിൽത്തന്നെ സമർപ്പിച്ചിട്ടുണ്ടോ, സമർപ്പണത്തിൽ അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ എങ്കിൽ കാലതാമസം വിശദമാക്കുന്ന കുറിപ്പ് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ടോ, വിശദീകരണത്തിൽ സൂചിപ്പിച്ചിരിക്കുന്ന കാരണങ്ങൾ തൃപ്തികരമാണോ എന്നിവ പരിശോധിക്കുന്നതിനും ബഹുമാനപ്പെട്ട സ്പീക്കർമാർ അതതു കാലങ്ങളിൽ ഏൽപ്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നതിനുമായി ഒമ്പതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച് സമിതി (1995-96) യുടെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം 1995 ഏപ്രിൽ മാസം 28-ാം തീയതി മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായി .

ഭരണഘടനാനുസൃതമായ ഭരണനിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ നിയമനിർമ്മാണ സഭയ്ക്ക് യഥാസമയം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. നിയമസഭാ സാമാജികർക്ക് അവരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും ഫലപ്രദമായി നിർവഹിക്കുന്നതിന് സർക്കാരിന്റെ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ സാമാജികർക്ക് യഥാസമയം ലഭ്യമാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വവും അത് ലഭിക്കുക എന്നത് സാമാജികരുടെ ഭരണഘടനപരമായ അവകാശവുമാണ്. ഇതിലൂടെ മാത്രമേ ഭരണനിർവഹണത്തിൽ വന്നുപെടുന്ന പോരായ്മകളും ക്രമക്കേടുകളും കണ്ടെത്താനും ആയവ തിരുത്തി ഭരണനിർവഹണം കുറ്റമറ്റതാക്കുന്നതിനും അതുവഴി ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താനും സാധിക്കുകയുള്ളൂ. സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, റെഗുലേഷനുകൾ എന്നിവയും അവയുടെ ഭേദഗതികളും തിരുത്തൽ വിജ്ഞാപനങ്ങളും സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്നുണ്ട്.

സ്ഥാപനങ്ങളുടെ റിപ്പോർട്ട് സമർപ്പണത്തിൽ വളരെയധികം കുടിശ്ശിക വരുത്തിയതിനാൽ 20.08.2025-ന് ജലവിഭവ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പ് യോഗത്തിൽ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ട് കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

ആരായുകയും വാർഷിക /ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള കർശന നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് നടത്തിയ തെളിവെടുപ്പിന്റെയും വകുപ്പിൽ നിന്നു ലഭിച്ച അധികവിവരങ്ങളും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിനും സ്ഥാപനങ്ങൾക്കും നൽകിയ നിർദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## റിപ്പോർട്ട്

1. ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ഇവയാണ്.

   1. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
   2. ജലനിധി
   3. കേരള ഡാം സുരക്ഷാ അതോറിറ്റി
   4. കേരള ജല അതോറിറ്റി
   5. കമാന്റ് ഏര്യ ഡെവലപ്മെന്റ് അതോറിറ്റി

2. സ്ഥാപനങ്ങളുടെ സർക്കാർ മുതൽമുടക്കിന്റെ കണക്കുകൾ സൂക്ഷിക്കലും വിനിയോഗവും സംസ്ഥാന നിയമസഭ നിരീക്ഷിക്കുന്നതിന്റെ ഭാഗമായിട്ടാണ് സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും അതാത് സാമ്പത്തിക വർഷം അവസാനിച്ച് ഒൻപത് മാസത്തിനകവും എസ്. ആർ. ഒ., വിജ്ഞാപനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് രണ്ടു മാസത്തിനകവും സഭയിൽ സമർപ്പിക്കണമെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ൽ നിഷ്കർഷിച്ചിട്ടുള്ളത്. വാർഷിക റിപ്പോർട്ട് മാത്രം സമർപ്പിക്കേണ്ട സ്ഥാപനങ്ങൾ ആയത് സാമ്പത്തികവർഷം അവസാനിച്ച് 6 മാസത്തിനകം ലഭ്യമാക്കണം. കാലവിളംബം വരുത്തിയാൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രി സാക്ഷ്യപ്പെടുത്തിയ കാലതാമസപത്രിക സഹിതം ഒരു മാസത്തിനുള്ളിലോ അല്ലെങ്കിൽ തൊട്ടടുത്ത സഭാ സമ്മേളനത്തിലോ സഭയിൽ സമർപ്പിക്കണമെന്ന് ചട്ടം വ്യവസ്ഥ ചെയ്യുന്നു.

3. സർക്കാരിൽ നിന്നും 50 ലക്ഷം രൂപയിലധികം ഗ്രാന്റ് കൈപ്പറ്റുന്ന സ്ഥാപനങ്ങൾ നിലവിലെ ചട്ടമനുസരിച്ച് അതാത് സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ ഓരോ സാമ്പത്തിക വർഷവും കഴിഞ്ഞ് വരുന്ന ഡിസംബർ 31-നകം നിയമസഭയിൽ സമർപ്പിക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ

പ്രതിവർഷ വരവ്/ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിലും സഭയിൽ സമർപ്പിക്കുവാൻ സമയബന്ധിതമായി ലഭ്യമാക്കുന്നതിലും ജലവിഭവ വകുപ്പ് നിതാന്ത ജാഗ്രത പുലർത്തുന്നില്ല എന്ന് മാത്രമല്ല ജലവിഭവ വകുപ്പിനുകീഴിലുള്ള പല സ്ഥാപനങ്ങളും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ വലിയ കുടിശ്ശിക വരുത്തിയിരിക്കുകയാണ് എന്നത് വളരെ ഗൗരവമുള്ള വിഷയമാണ് എന്ന് സമിതി വിലയിരുത്തുന്നു.അപ്രകാരം റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ ജലവിഭവ വകുപ്പ് ഗുരുതര വീഴ്ച വരുത്തിയതിനാലാണ് വകുപ്പുദ്യോഗസ്ഥരിൽനിന്നും 20.08.2025-ൽ തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിച്ചത്.

4. ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ഓരോ സ്ഥാപനത്തിന്റെയും റിപ്പോർട്ട് സമർപ്പണത്തിലെ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ താഴെ സൂചിപ്പിക്കുന്നു:

| **സ്ഥാപനം** | **അവസാനം സഭയിൽ സമർപ്പിച്ച റിപ്പോർട്ട്/തീയതി** | **20.08.2025-ലെ കുടിശ്ശിക റിപ്പോർട്ടുകൾ** | **20.08.2025-ന് ശേഷം ലഭ്യമായ റിപ്പോർട്ടുകൾ** |
|---|---|---|---|
| 1 | 2 | 3 | 4 |
| കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 08.10.2024 | 2017-18 മുതൽ 2024-25 വരെയുള്ള റിപ്പോർട്ടുകൾ | 2017-18 മുതൽ 2020-21 വരെയുള്ള റിപ്പോർട്ടുകൾ (27.01.2026-ൽ സഭയിൽ സമർപ്പിച്ചു) |
| ജലനിധി | 2023-24-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | 2024-25 വർഷത്തെ റിപ്പോർട്ട് | - |

| | | | |
|---|---|---|---|
| | 09.10.2025 | | |
| കേരള ഡാം സുരക്ഷാ അതോറിറ്റി | 2021-22 ലെ വാർഷിക റിപ്പോർട്ട് 06.12.2022 | കുടിശ്ശികയില്ല. (2021 ഡിസംബർ ന് സ്ഥാപനം നിർത്തലാക്കി) | - |
| കേരള ജല അതോറിറ്റി | 2019-20 ലെ വാർഷിക കണക്കുകൾ 15.02. 2024 | 2020-21 മുതൽ 2024-25 വരെയുള്ള റിപ്പോർട്ടുകൾ | 2020-21 ലെ റിപ്പോർട്ട് ലഭ്യമാക്കി |
| കേരള കമാന്റ് ഏരിയാ വികസന അതോറിറ്റി | 2013-14 ലെ വാർഷിക റിപ്പോർട്ട് 24.02.2016 | 2014-15 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ | 2016-17-ൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ കീഴിൽ കൊണ്ടുവന്നതിനാൽ 07.02.2017-ലെ ജി.ഒ(എം.എസ്) നം. 7/2017/ജവിവ നമ്പർ ഉത്തരവു പ്രകാരം 31.03.2017-ൽ കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി നിർത്തലാക്കി |

1. <u>**കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)**</u>

5. കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഒരു പ്രമുഖ പൊതുമേഖല സ്ഥാപനമാണ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC). രജിസ്ട്രാർ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ISO സർട്ടിഫൈഡ് കമ്പനിയാണിത്. 2000-ൽ രൂപീകൃതമായ ഈ കമ്പനി സംസ്ഥാനത്തെ ചെറുകിട- വൻകിട ജലസേചന

പദ്ധതികൾ, ജലവിതരണ ശൃംഖലകൾ, മറ്റ് അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

6. ജലവിഭവ വകുപ്പ് സെക്രട്ടറി അവധിയിലായതിനാൽ ഓതറൈസേഷൻ ലെറ്റർ അപ്രൂവ് ചെയ്യാൻ സാധിച്ചിട്ടില്ലായെന്ന് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ തെളിവെടുപ്പ് വേളയിൽ അറിയിച്ചു. സെക്രട്ടറി ലീവിലാണെങ്കിൽ അദ്ദേഹം മറ്റൊരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതായിരുന്നുവെന്നും അവധിയിലായതിനാൽ സമിതി യോഗത്തിൽ ഹാജരാകാൻ സാധിക്കില്ലെന്ന് ജലവിഭവ സെക്രട്ടറിക്ക് അറിയാമായിരുന്നിട്ടും മറ്റൊരു ഉദ്യോഗസ്ഥനെ രേഖാമൂലം ചുമതലപ്പെടുത്താത്തത് വകുപ്പിന്റെ ഉത്തരവാദിത്തമില്ലായ്മയാണ് സൂചിപ്പിക്കുന്നതെന്ന് സമിതി വിലയിരുത്തുകയും ഓതറൈസേഷനില്ലാതെ സ്പെഷ്യൽ സെക്രട്ടറിക്ക് മറുപടി പറയാൻ അനുവാദമില്ലായെന്നും ഒന്നുകിൽ സെക്രട്ടറി ഹാജരാകണമായിരുന്നുവെന്നും അല്ലെങ്കിൽ പകരം മറ്റൊരു ഉദ്യോഗസ്ഥനെ ഓതറൈസ് ചെയ്യേണ്ടിയിരുന്നുവെന്നും സമിതി തെളിവെടുപ്പ് യോഗത്തിൽ വ്യക്തമാക്കിയിരുന്നു.

7. സെക്രട്ടറി ലീവിലായതിനാലാണ് പകരം ഉദ്യോഗസ്ഥനെ ഓതറൈസ് ചെയ്യാൻ സാധിക്കാതെ വന്നതെന്നും പ്രസ്തുത വീഴ്ച മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നുവെന്നും സെക്രട്ടറിക്ക് ഹാജരാകാൻ സാധിക്കാത്ത സാഹചര്യത്തിൽ സ്പെഷ്യൽ സെക്രട്ടറിയെയാണ് ഓതറൈസ് ചെയ്യുന്നതെന്നും കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമിതിയെ അറിയിച്ചു.

8. <u>സമിതി യോഗങ്ങളിൽ വകുപ്പ് മേധാവി തന്നെ നിർബന്ധമായി പങ്കെടുക്കണമെന്നും യോഗങ്ങളിൽ നിന്ന് മന:പൂർവം ഒഴിവാകുന്ന ഉദ്യോഗസ്ഥ</u>

പ്രവണത കർശനമായും അവസാനിപ്പിക്കണമെന്നും വകുപ്പ് മേധാവിക്ക് ഒഴിവാക്കാനാകാത്ത ഏതെങ്കിലും കാരണത്താൽ യോഗത്തിൽ പങ്കെടുക്കാൻ കഴിയാത്തപക്ഷം രേഖാമൂലം അക്കാര്യം സമിതിയെ അറിയിക്കുകയും രേഖാമൂലം തന്നെ മറ്റൊരു ഉന്നത ഉദ്യോഗസ്ഥനെ മുൻകൂട്ടി ചുമതലപ്പെടുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. തെളിവെടുപ്പ് തീയതി വരെ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 2016-17 സാമ്പത്തിക വർഷം വരെയുള്ള റിപ്പോർട്ടുകൾ സഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ

സ്ഥാപനത്തിന്റെ 2017-18 മുതലുള്ള 7 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയായത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടറുടെ തസ്തികയിൽ മാത്രമാണ് സ്ഥിരം നിയമനമുള്ളതെന്നും മറ്റ് തസ്തികകളിൽ കരാർ നിയമനമാണ് നടക്കുന്നതെന്നും കരാർ കാലാവധി അവസാനിക്കുമ്പോൾ ജീവനക്കാർ മാറി വരുന്നത് മൂലം ജോലിക്ക് തുടർച്ച ലഭിക്കാത്തതിനാൽ ഏഴ് വർഷത്തോളം ഓഡിറ്റ് പെൻഡിംഗായിരുന്നുവെന്നും എന്നാൽ കഴിഞ്ഞ രണ്ടുവർഷമായി ഓഡിറ്റ് ഒരു സ്പെഷ്യൽ ഡ്രൈവായി കണ്ടുകൊണ്ട് ഒരു പ്രത്യേക ടീമിനെ നിയമിച്ചിട്ടുണ്ടെന്നും നിലവിൽ 2020-21 വരെയുള്ള ഓഡിറ്റിന്റെ എല്ലാ നടപടികളും പൂർത്തിയാക്കി റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2021-22-ലെ ഇന്റേണൽ ഓഡിറ്റും സി &എ.ജി.-യുടെ ഓഡിറ്റും പൂർത്തിയായിട്ടുണ്ടെന്നും സി&എ.ജി.-യുടെ റിമാർക്സ് ലഭിച്ചാലുടൻ അപ്രൂവൽ വാങ്ങി റിപ്പോർട്ട് സബ്മിറ്റ് ചെയ്യുന്നതാണെന്നും 2022-23-സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തിയായത് അടുത്ത ബോർഡ് യോഗത്തിൽ സമർപ്പിച്ച് അപ്രൂവ് വാങ്ങുന്നതാണെന്നും 2023-24 സാമ്പത്തിക

വർഷത്തെ എക്സ്റ്റേണൽ ഓഡിറ്ററെ സി &എജി നിയമിച്ചിട്ടില്ലായെന്നും റിപ്പോർട്ടുകളെല്ലാം മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കാനാകുമെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

10. തെളിവെടുപ്പിനെത്തുടർന്ന് 2017-18 മുതൽ 2020-21 വർഷം വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ആയത് 27.01.2026-ാം തീയതി സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

11. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും ഇടമുറിയാതെ അതത് വർഷങ്ങളിൽ തന്നെ ലഭ്യമാക്കണമെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് 2021-22 മുതലുള്ള റിപ്പോർട്ടുകൾ കാലതാമസമില്ലാതെതന്നെ ലഭ്യമാക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**2. കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ ഏജൻസി (ജലനിധി)**

12. കേരളത്തിലെ ഗ്രാമീണ മേഖലകളിൽ ശുദ്ധജല വിതരണവും ശുചിത്വ പരി പാലനവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ലോകബാങ്കിന്റെ സഹകരണത്തോടെ 1999-ൽ കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് ജലനിധി. കേരള സർക്കാരിന്റെ പ്രധാന കുടിവെള്ള വിതരണ ഏജൻസിയായി പൊതു മേഖലയിൽ പ്രവർത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള കർമ്മ പരിപാടികളും കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ ഏജൻസി (ജലനിധി) നടപ്പിലാക്കി വരുന്നു. കിണറുകൾ, കുഴൽ കിണറുകൾ, കുളങ്ങൾ, തടാകങ്ങൾ. പുഴകൾ, മഴ എന്നീ ജലസ്രോതസ്സുകൾ കുടിവെള്ള പദ്ധതികൾക്കായി

പ്രയോജനപ്പെടുത്തുന്നതിന് വിവിധങ്ങളായ സാങ്കേതിക വിദ്യകളാണ് ജലനിധി പരിചയപ്പെടുത്തുന്നത്. ഗുണഭോക്തൃ സമിതികളും ഗ്രാമപഞ്ചായത്തും കേരള സർക്കാരുമാണ് ജലനിധി പദ്ധതിയുടെ മുഖ്യ പങ്കാളികൾ.

13. 2023-24-ലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ ഗവൺമെന്റിൽ സബ്മിറ്റ് ചെയ്തിട്ടുണ്ടെന്നും ആയത് അടിയന്തരമായി ലഭ്യമാക്കാമെന്നും ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

14. ജലനിധിയുടെ 2023-24 വർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും കാലതാമസപത്രികയോടുകൂടി 09.10.2025-ൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

15. <u>ജലനിധിയുടെ വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെടുത്തിയാണ് നൽകുന്നതെങ്കിലും റിപ്പോർട്ടിന്റെ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും' എന്ന് രേഖപ്പെടുത്താത്തതിനാൽ വാർഷിക റിപ്പോർട്ട് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് കരുതി ഓഡിറ്റ് റിപ്പോർട്ട് കുടിശ്ശികയായി രേഖപ്പെടുത്തുന്ന സാഹചര്യമുണ്ടെന്നും ആയതിനാൽ റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ അതിന്റെ പുറംചട്ടയിൽ ഏതെല്ലാം റിപ്പോർട്ടുകളാണ് സമർപ്പിക്കുന്നതെന്ന് കൃത്യമായി രേഖപ്പെടുത്താൻ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

16. <u>സ്ഥാപനത്തിന്റെ 2024-25-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

3. **<u>കേരള ഡാം സുരക്ഷ അതോറിറ്റി</u>**

17. കേരളത്തിലെ അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിനായി 2003-ലെ കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്റ്റ് പ്രകാരം സ്ഥാപിതമായ സർക്കാർ സ്ഥാപനമാണ് കേരള ഡാം സുരക്ഷാ അതോറിറ്റി. അണക്കെട്ടുകളുടെ ഘടനാപരമായ സുരക്ഷ പരിശോധിക്കുക, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, അപകട സാധ്യതകൾ മുൻകൂട്ടി കണ്ട് നടപടികൾ സ്വീകരിക്കുക എന്നിവ ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തന മേഖലകളിൽ ഉൾപ്പെടുന്നു.

18. തെളിവെടുപ്പ് തീയതി വരെ കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ 2021-22 വരെയുള്ള റിപ്പോർട്ടുകളാണ് സഭയിൽ സമർപ്പിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച "കേന്ദ്ര ഡാം സുരക്ഷാ നിയമം 2021" പ്രാബല്യത്തിൽ വന്നതോടുകൂടി കേരള ഡാം സേഫ്റ്റി അതോറിറ്റി പ്രവർത്തനരഹിതമാവുകയും സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷൻ, സ്റ്റേറ്റ് ഡാം സേഫ്റ്റി കമ്മിറ്റി എന്നീ രണ്ട് ഓർഗനൈസേഷനുകളായി വിഭജിക്കപ്പെടുകയും 31.12.2021-ൽ ചെയർമാന്റെ കാലാവധി അവസാനിക്കുകയും ചെയ്തതിനാലാണ് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ വാർഷിക റിപ്പോർട്ടുകൾ ലഭ്യമാക്കാതിരുന്നതെന്നും ഇതുസംബന്ധിച്ച വിവരം ഔദ്യോഗികമായിത്തന്നെ സമിതിക്ക് നൽകാമെന്നും ആയതിനാൽ ഡാം സുരക്ഷാ അതോറിറ്റിയുടെ റിപ്പോർട്ടുകൾ ഇനിമുതൽ നൽകാൻ സാധിക്കുകയില്ലായെന്നും ഇന്റർ സ്റ്റേറ്റ് വാട്ടർ (അഡീഷണൽ ചാർജ്) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പ് രേഖാമൂലം നിയമസഭാ സെക്രട്ടേറിയറ്റിനെ അറിയിക്കുവാൻ സമിതി നിർദേശം നൽകുകയും പ്രസ്തുത

അറിയിപ്പ് ലഭിച്ചതിനുശേഷം ഡാം സുരക്ഷാ അതോറിറ്റിയെ റിപ്പോർട്ട് സമർപ്പണത്തിൽ നിന്ന് ഒഴിവാക്കാമെന്നും സമിതി നിരീക്ഷിച്ചു.

19. 2021-ലെ ഡാം സേഫ്റ്റി ആക്റ്റിലെ സെക്ഷൻ 45 പ്രകാരം ഓരോ സംസ്ഥാന ഡാം സേഫ്റ്റി ഓർഗനൈസേഷനും സാമ്പത്തിക വർഷം അവസാനിച്ച് മൂന്ന് മാസത്തിനുള്ളിൽ തങ്ങളുടെ പ്രവർത്തനങ്ങളെയും സംസ്ഥാനത്തെ നിർദ്ദിഷ്ട അണക്കെട്ടുകളുടെ സുരക്ഷാ നിലയെയും കുറിച്ചുള്ള ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും പ്രസ്തുത റിപ്പോർട്ട് കേന്ദ്ര അതോറിറ്റിക്കും സംസ്ഥാന സർക്കാരിനും സമർപ്പിക്കേണ്ടതാണെന്നും സംസ്ഥാന സർക്കാർ ഈ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

20. പുതുതായി രൂപീകരിക്കപ്പെട്ട കേരള സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ 2024-25 വർഷത്തെ വാർഷിക റിപ്പോർട്ട് 27.01.2026-ൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

21. <u>കേരള സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ റിപ്പോർട്ടുകൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4. **<u>കേരള ജല അതോറിറ്റി</u>**

22. ശുദ്ധജല ഉത്പാദനം, വിതരണം, മലിനജല ശേഖരണം, സംസ്കരണം എന്നിവയുടെ വികസനത്തിനും നിയന്ത്രണത്തിനും വേണ്ടി 1984 ലെ കേരള വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ഓർഡിനൻസ് പ്രകാരം 1984 ഏപ്രിൽ- 1 ന് കേരള വാട്ടർ അതോറിറ്റി സ്ഥാപിതമായി.

23. കേരള വാട്ടർ അതോറിറ്റിയുടെ 2015-16, 2016-17 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് 01.09.2022-ലും 2017-18 വർഷത്തെ വാർഷിക കണക്കുകൾ

13.12.2022-ലും 2018-19 വർഷത്തെ വാർഷിക കണക്കുകൾ 09.08.2023-ലും 2019-20 വർഷത്തെ വാർഷിക കണക്കുകൾ 15.02.2024-ലും സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

24. സ്ഥാപനത്തിന്റെ 2020-21 മുതലുള്ള നാല് വർഷത്തെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് കുടിശ്ശികയായി നിലനിൽക്കുകയാണ്. വാട്ടർ അതോറിറ്റി 2019-20 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളാണ് സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതെന്നും 2020-21 സാമ്പത്തിക വർഷത്തെ അന്തിമ ഓഡിറ്റ് റിപ്പോർട്ട് സി&എ.ജി.-യിൽനിന്നും ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് ബോർഡിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി 30 ദിവസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കാമെന്നും 2021-22, 2022-2023 എന്നീ വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും സി&എ.ജി. നൽകുന്ന ഡ്രാഫ്റ്റ് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ട്സിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ടെന്നും മുൻകാലങ്ങളിൽ അക്കൗണ്ട്സിൽ മാറ്റം വരുത്തുന്നതിന് എം.ഡി. അപ്രൂവ് ചെയ്താൽ മതിയായിരുന്നുവെന്നും അന്തിമ ഓഡിറ്റ് റിപ്പോർട്ട് മാത്രമാണ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നതെന്നും എന്നാൽ 2021 മുതൽ അക്കൗണ്ട്സിൽ മാറ്റം വരുത്തുന്നതിന് ബോർഡിന്റെ അപ്രൂവൽ വാങ്ങണമെന്നാണ് എ.ജി. നിർദേശിച്ചിരിക്കുന്നതെന്നും 2021-22, 2022-23 വർഷത്തെ റിപ്പോർട്ടുകൾ ഫോളോ അപ്പ് ചെയ്യാമെന്നും സി&എ.ജി.-യുടെ അപ്രൂവൽ ലഭിച്ചാൽ ആറ് മാസത്തിനുള്ളിൽ 2023 വരെയുള്ള റിപ്പോർട്ടുകൾ സമിതിക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും 2023-24, 2024-25 വർഷങ്ങളിലെ അക്കൗണ്ടിങ് പൂർത്തിയാക്കി പ്രൊവിഷണൽ അക്കൗണ്ട്സുകൾ പബ്ലിഷ് ചെയ്തിട്ടുണ്ടെന്നും സി&എ.ജി. ഓഡിറ്റ് കൂടി പൂർത്തിയാക്കിയാൽ മതിയാകുമെന്നും കേരള വാട്ടർ

അതോറിറ്റി മാനേജിങ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

25. 1986-ലെ കേരള വാട്ടർ സപ്ലൈ & സിവറേജ് ആക്റ്റിലെ സെക്ഷൻ 56 പ്രകാരം വാർഷിക റിപ്പോർട്ടും സെക്ഷൻ 29(4) പ്രകാരം ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ മാത്രമാണ് സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടും പുറംചട്ടയിൽ വാർഷിക കണക്കുകൾ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയതിനാൽ അത്തരം സാഹചര്യങ്ങളിൽ "ഓഡിറ്റ് റിപ്പോർട്ട്" എന്ന് കൂടി രേഖപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. കൂടാതെ പ്രസ്തുത ആക്റ്റ് പ്രകാരമുള്ള വാർഷിക റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തത് ഗൗരവത്തോടെ വീക്ഷിച്ച സമിതി, സെക്ഷൻ 56 പ്രകാരമുള്ള വാർഷിക റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

27. കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നുള്ള ധനസഹായം, വിവിധ ഏജൻസികളിൽ നിന്നുള്ള വായ്പ, വാട്ടർചാർജ്ജ് കളക്ഷൻ എന്നീ ഇനങ്ങളിലായി കോടിക്കണക്കിന് രൂപയുടെ ക്രയവിക്രയമുള്ള ഒരു സ്ഥാപനത്തിന്റെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ മേശപ്പുറത്തു വയ്ക്കാൻ അതോറിറ്റിക്ക് നിയമപരമായ ബാധ്യത ഉണ്ടായിരിക്കെ, കഴിഞ്ഞ 5 വർഷത്തെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാത്തത് ന്യായീകരിക്കാനാവില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. കുടിശ്ശിക നിവാരണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തി, ആവശ്യമായ മാർഗനിർദേശങ്ങൾ നൽകിയിട്ടും റിപ്പോർട്ടുകൾ

ലഭ്യമാക്കുന്നതിൽ നാളിതുവരെ യാതൊരു പുരോഗതിയും കൈവരിക്കാത്തത് ജലവിഭവ വകുപ്പിന്റെയും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു.

28. കേരള വാട്ടർ അതോറിറ്റിയുടെ 2020-21 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ ഓരോ വർഷത്തേയ്ക്കും പ്രത്യേകം പ്രത്യേകം കാലതാമസപത്രിക സഹിതം അടിയന്തരമായി ലഭ്യമാക്കുന്നതിനും ഇനിമുതൽ സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ നിശ്ചിത സമയത്തുതന്നെ മേശപ്പുറത്തുവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. **കേരള കമാന്റ് ഏരിയാ വികസന അതോറിറ്റി**

29. കേരളത്തിലെ ജലസേചന പദ്ധതികളുടെ പ്രയോജനം കൃഷിക്കാർക്ക് പൂർണമായും ലഭ്യമാക്കുന്നതിന് കൃഷിയിടങ്ങളിൽ ജലലഭ്യത ഉറപ്പാക്കാനും, വിനിയോഗം കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള കമാന്റ് ഏരിയ വികസന അതോറിറ്റി (CADA). 1986-ലെ കേരള കമാന്റ് ഏരിയാ ഡെവലപ്മെന്റ് ആക്ട് പ്രകാരം സ്ഥാപിതമായ ഈ അതോറിറ്റി, ജലസേചന സാധ്യത വർദ്ധിപ്പിക്കുക, ഫീൽഡ് ചാനലുകൾ നിർമ്മിക്കുക, കാർഷികോൽപാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്നു. പ്രസ്തുത ആക്റ്റിലെ സെക്ഷൻ 30 പ്രകാരം സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും സെക്ഷൻ 31 പ്രകാരം വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

30. കേരള കമാന്റ് ഏരിയാ വികസന അതോറിറ്റിയുടെ 2014-15 മുതൽ 2023-24 വരെയുള്ള പത്ത് വർഷത്തെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് കുടിശ്ശികയുണ്ടെന്ന് നിരീക്ഷിച്ച സമിതി കുടിശ്ശികയ്ക്കുള്ള കാരണം ആരാഞ്ഞതിന്, കേരള കമാന്റ് ഏരിയാ വികസന അതോറിറ്റിയെ 2016-17-ൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ കീഴിൽ കൊണ്ടുവന്നതിനാൽ 07.02.2017-ലെ

ജി.ഒ(എം.എസ്) നം. 7/2017/ജവിവ നമ്പർ ഉത്തരവ് പ്രകാരം 31.03.2017-ൽ കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി നിർത്തലാക്കിയെന്നും കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി ചെയ്തുകൊണ്ടിരുന്ന പ്രവർത്തനങ്ങൾ തുടരുന്നതിനുവേണ്ടി അതാത് പ്രോജക്ടുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങൾക്ക് ചുമതല നൽകിയിട്ടുണ്ടെന്നും 1986-ലെ കമാന്റ് ഏരിയ ഡെവലപ്മെന്റ് ആക്ട് സെക്ഷൻ 31- ന്റെ അടിസ്ഥാനത്തിൽ 2013-14 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള റിപ്പോർട്ടുകൾ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുവെന്നും വകുപ്പ് ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ ഒരു റിപ്പോർട്ട് പോലും സമിതിക്ക് ലഭ്യമാക്കാത്തത് ഗൗരവത്തോടെ വീക്ഷിച്ച സമിതി <u>കേരള കമാന്റ് ഏരിയാ ഡെവലപ്മെന്റ് ആക്ടിലെ സെക്ഷൻ 30, 31 എന്നിവ പ്രകാരമുള്ള സ്ഥാപനത്തിന്റെ 2014-15 മുതൽ 2016-17 വർഷം വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u>

**<u>നടപടി സ്റ്റേറ്റ്മെന്റ് സംബന്ധിച്ച വിശദാംശം</u>**

**1. സമിതി (2014-16)-യുടെ പതിനാലാമത് റിപ്പോർട്ടിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്**

(ഫയൽ നം.9267/സി.പി.എൽ.2/2023/നി.സെ.)

31. സമിതി (2014-16)-യുടെ പതിനാലാമത് റിപ്പോർട്ടിലെ ശിപാർശ നം. 14-ന്മേലുള്ള നടപടി റിപ്പോർട്ട് ലഭ്യമാക്കാൻ ഏഴ് വർഷത്തോളം കാലതാമസം വരുത്തിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 09.10.2024, 30.12.2024 എന്നീ തീയതികളിൽ കത്ത് നൽകിയിരുന്നുവെങ്കിലും ഇതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ലാത്തത് എന്തുകൊണ്ടാണെന്ന് സമിതി തെളിവെടുപ്പ് വേളയിൽ വിശദീകരണം ആരാഞ്ഞിരുന്നു. ആയതിന്, 2010-11, 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകളും ഭരണ റിപ്പോർട്ടുകളും 2015-

16, 2016-17 എന്നീ വർഷങ്ങളിലാണ് സർക്കാരിൽ നൽകിയതെന്നും കാലതാമസപത്രികയുടെ ഫോർമാറ്റുകൂടിയുണ്ടെങ്കിൽ മാത്രമേ ഭരണ റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുകയുള്ളൂവെന്നതിനാൽ പ്രസ്തുത റിപ്പോർട്ടുകളോടൊപ്പം കാലതാമസപത്രികകളും അന്ന് സമർപ്പിച്ചിരുന്നുവെന്നും അതുകൂടാതെ അഡീഷണലായി ഡിലേ സ്റ്റേറ്റ്മെന്റ് സമർപ്പിക്കണമെങ്കിൽ അത് നൽകാമെന്നും കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ തെളിവെടുപ്പ് യോഗത്തിൽ സമിതിക്ക് മറുപടി നൽകിയിരുന്നു.

32. എന്നാൽ കാലതാമസപത്രിക ലഭ്യമാക്കാത്തതിനുള്ള കാരണമല്ല ആവശ്യപ്പെട്ടതെന്നും നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലായിരുന്നതിനാൽ പ്രസ്തുത കാരണം വ്യക്തമാക്കിക്കൊണ്ട് മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചതിന്, ഒരാഴ്ചയ്ക്കുള്ളിൽ വകുപ്പുമുഖേന മറുപടി ലഭ്യമാക്കാമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. സമിതി ആവശ്യപ്പെട്ട മറുപടി 03.09.2025-ൽ വകുപ്പ് ലഭ്യമാക്കിയിരുന്നു.

33. <u>സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ സമയബന്ധിതമായി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കണമെന്നും ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ അതത് സമിതിയുടെ കാലയളവിൽതന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

**2.സമിതി (2019-21)-യുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്**

(ഫയൽ നം.102/സി.പി.എൽ.2/2020/നി.സെ.)

34. സമിതി (2019-21)-യുടെ മൂന്നാമത് റിപ്പോർട്ടിലെ സമിതി നിർദ്ദേശത്തിന്മേൽ വകുപ്പ് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലാത്തതിന്റെ കാരണം പരിശോധിച്ച് എത്രയുംവേഗം സമിതിക്ക് മറുപടി ലഭ്യമാക്കണമെന്ന സമിതി അറിയിച്ചതിന്, ഒരാഴ്ചയ്ക്കുള്ളിൽ മറുപടി ലഭ്യമാക്കാമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു. സമിതിക്ക്

നൽകിയ ഉറപ്പ് പ്രകാരം വകുപ്പിൽ നിന്നും പ്രസ്തുത നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സമിതി റിപ്പോർട്ടുകളുടെ നടപടി സ്റ്റേറ്റ്മെന്റുകൾ അതത് സമിതിയുടെ കാലയളവിൽ തന്നെ ലഭ്യമാക്കണമെന്ന ചീഫ് സെക്രട്ടറിയുടെ 18.12.2023- ലെ പി.എ.ഡി ബി1/77/2023/പിഎഡി നമ്പർ സർക്കുലർ (അനുബന്ധം-1) നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ വിജ്ഞാപനങ്ങളുടെ കാലതാമസപത്രിക ലഭ്യമാക്കേണ്ടത് സംബന്ധിച്ച്**

(ഫയൽ നം. 12596/സി.പി.എൽ3/2024/ലെജി)

35. ജലവിഭവ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ. നം. 26/2020, 487/2020, 927/2021, 221/2022, 215/2023, 1297/2023, 156/2023 എന്നീ എട്ട് എസ്.ആർ.ഒ.-കൾക്കും കൂടി ഒരു കാലതാമസപത്രികയാണ് നൽകിയിരിക്കുന്നതെന്നും ഓരോന്നിനും പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പിലേക്ക് കത്തയച്ചിട്ടും ആയത് ലഭ്യമാക്കിയിട്ടില്ലായെന്നും തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടിയിരുന്നു.

36. പ്രസ്തുത കാലതാമസപത്രികകൾ ബഹുമാനപ്പെട്ട മന്ത്രി അപ്രൂവ് ചെയ്തിട്ടുണ്ടെന്നും തെളിവെടുപ്പിന്റെ അടുത്ത ദിവസംതന്നെ സമിതിക്ക് ലഭ്യമാക്കാമെന്നും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത എസ്.ആർ.ഒ.കളിന്മേലുള്ള കാലതാമസപത്രിക ജലവിഭവ വകുപ്പിൽ നിന്നും സമിതിക്ക് ലഭ്യമാക്കുകയും 09.10.2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**<u>2020 മുതൽ 2023 വരെ ജലവിഭവ (വിതരണ) വകുപ്പിൽനിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ. കളിൽ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാത്ത എസ്.ആർ.ഒ.-കൾ സംബന്ധിച്ച വിശദാംശം.</u>**

37. 2020 മുതൽ 2023 വരെ വകുപ്പ് പുറപ്പെടുവിച്ച പത്ത് എസ്.ആർ.ഒ.-കൾ നിയമസഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടില്ലായെന്നും എസ്.ആർ.ഒ.-കൾ യഥാസമയം സഭയുടെ മേശപ്പുറത്തുവച്ചാൽ മാത്രമേ അംഗങ്ങൾക്ക് അതിന്മേൽ ഭേദഗതി നിർദേശിക്കാൻ സാധിക്കുകയുള്ളൂവെന്നും അങ്ങനെ ചെയ്യാത്തതുകാരണം എം.എൽ.എ.-മാർക്ക് ഭേദഗതി നൽകാനുള്ള അവകാശം നിഷേധിക്കപ്പെടുകയാണെന്നും 15-ാം കേരള നിയമസഭയുടെ കാലാവധി പൂർത്തിയാകുന്നതിന് ഏതാനും മാസങ്ങൾ മാത്രമേയുള്ളൂവെന്നതിനാൽ ഇനി പ്രസ്തുത എസ്.ആർ.ഒ.-കൾ സമർപ്പിച്ചാൽപ്പോലും അംഗങ്ങൾക്ക് അതുപരിശോധിച്ച് ഭേദഗതി നിർദേശിക്കാൻ അവസരം നഷ്ടമാകുകയാണെന്നും ഈ വിഷയം ഗൗരവമായി കണ്ട് എസ്.ആർ.ഒ.-കൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വകുപ്പ് നിർദേശം നൽകണമെന്നും തെളിവെടുപ്പ് യോഗത്തിൽ വകുപ്പിനെ അറിയിച്ചിരുന്നു. രണ്ട് എസ്.ആർ.ഒ.-കൾ കാലതാമസപത്രികകൾ ഉൾപ്പെടെ കൊണ്ടുവന്നിട്ടുള്ളത് സബ്മിറ്റ് ചെയ്യുമെന്നും ബാക്കിയുള്ളവ അടുത്ത ദിവസം തന്നെ സബ്മിറ്റ് ചെയ്യുമെന്നും വകുപ്പ് ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത എസ്.ആർ.ഒ.കൾ കാലതാമസപത്രികകൾ ഉൾപ്പെടെ ജലവിഭവ വകുപ്പിൽ നിന്നും സമിതിക്ക് ലഭ്യമാക്കുകയും 09.10.2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

38. <u>എസ്.ആർ.ഒ/വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുമ്പോൾ ആയത് യഥാസമയം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാതിരിക്കുന്നത് സഭയോടും സമിതിയോടുമുള്ള അവഹേളനമായും അംഗങ്ങൾക്ക് അറിയുന്നതിനും ഭേദഗതി</u>

നിർദ്ദേശിക്കുന്നതിനുമുള്ള അവകാശങ്ങളുടെ ലംഘനമായും സമിതി വിലയിരുത്തുന്നു. ആയതിനാൽ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് രണ്ട് മാസത്തിനകം സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കുന്നുണ്ടോയെന്ന് വകുപ്പ് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ജലവിഭവ വകുപ്പിനുള്ള പൊതുനിർദ്ദേശങ്ങൾ**

39. റിപ്പോർട്ടുകൾ ചട്ടത്തിൽ അനുശാസിക്കുന്നപ്രകാരം ലഭിച്ചാൽ മാത്രമേ നിയമസഭാംഗങ്ങൾക്ക് അവ പരിശോധിച്ച് തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും വൈകി ലഭിക്കുന്ന റിപ്പോർട്ടുകൾകൊണ്ട് ഒരു പ്രയോജനവും ലഭിക്കുന്നില്ല എന്നതിനാൽ റിപ്പോർട്ടുകൾ ചട്ടം അനുശാസിക്കുന്നപ്രകാരം സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. കുടിശ്ശിക റിപ്പോർട്ടുകൾ ഒന്നിച്ച് സഭയിൽ സമർപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും റിപ്പോർട്ടുകൾ അതാത് വർഷം തന്നെ തയ്യാറാക്കി ചട്ടപ്രകാരം സഭയിൽ സമർപ്പിക്കുന്നതിന് സ്ഥാപനമേധാവികൾക്ക് നിർദേശം നൽകണമെന്ന് സമിതി നിർദേശിക്കുന്നു.

41. വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും' എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കുവാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

42. നിശ്ചിത സമയപരിധികഴിഞ്ഞ് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടിനോടൊപ്പമുള്ള കാലതാമസപത്രിക നിശ്ചിതമാതൃകയിലല്ലാത്തതോ, കാല-താമസത്തിനുള്ള വിശദീകരണം തൃപ്തികരമല്ലാത്തതോ ആണെന്നും ഒന്നിൽ കൂടുതൽ

വർഷങ്ങളിലെ റിപ്പോർട്ടുകൾക്ക് ഒരു കാലതാമസപത്രിക ലഭ്യമാക്കുന്ന പ്രവണത തുടരുന്നതായും സമിതി നിരീക്ഷിച്ചതിന്റെ പശ്ചാത്തലത്തിൽ കുടിശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രിക ധനകാര്യ വകുപ്പിന്റെ 21.12.2013 -ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം-2) മാതൃകയിലായിരിക്കണമെന്നും ഓരോ വർഷത്തെ റിപ്പോർട്ടുകൾക്കും പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

43. സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായതിനുശേഷം നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നതിനോടൊപ്പം വകുപ്പിൽ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ താമസംവിനാ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

44. സമിതി റിപ്പോർട്ടിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളോ അധികവിവരമോ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും നിരവധി കത്തുകൾ അയച്ചിട്ടും യാതൊരു മറുപടിയും ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അയയ്ക്കുന്ന കത്തുകൾക്ക് അടിയന്തര പ്രാധാന്യം നൽകി തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് കർശന നിർദേശം നൽകുന്നു.

45. കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-21) യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽവരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതിയുടെ (2019-21) യുടെ മൂന്നാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ (പി.എ.സി.ബി.) വകുപ്പിന്റെ സർക്കുലർ അനുബന്ധം 3 ആയി ചേർക്കുന്നു.

46. ധനകാര്യ (പി.എ.സി) വകുപ്പിന്റെ 14.11.2008-ലെ 77/08/ധന നമ്പർ സർക്കുലറിലെ 5-ാമത്തെ നിർദേശമായ എസ്.ആർ.ഒ.കൾ, നോട്ടിഫിക്കേഷനുകൾ എന്നിവ പുറപ്പെടുവിക്കുന്ന എല്ലാ വിഭാഗത്തിലും അവയെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും ആയത് മൂന്നു മാസത്തിലൊരിക്കൽ വകുപ്പു സെക്രട്ടറിയെക്കൊണ്ട് പരിശോധന നടത്തണമെന്ന നിർദേശം കർശനമായി പാലിക്കേണ്ടതാണ്.

പി.സി.വിഷ്ണുനാഥ്,
ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

തിരുവനന്തപുരം,
23 ഫെബ്രുവരി 2026